http://theendtimenews.com/



# സൂക്ഷിക്കുക നാവിൽ തീയുണ്ട്

പാസ്റ്റർ കെ സി തോമസ്



തുടർച്ച 04 പേജിൽ

CHRISTIAN NEWS APRIL 2021

ദി എൻഡ് ടൈം ന്യൂസ്

ദി വേക്ക് അപ്പ് -കോൾ

Volume 04 Issue No:40 Pages:14 Reg: TVM/1717/2014, Established:USA, Published from:India

18 വയസ്സിന് മുകളിലുള്ള ആർക്കും ഇഷ്ടമുള്ള മതം തെരഞ്ഞെടുക്കുവാൻ സ്വാതന്ത്ര്യമുണ്ടെന്ന് കോടതി

# മതപരിവർത്തനം തടയണമെന്ന ഹർജി സുപ്രീംകോടതി തള്ളി

നിർബന്ധിത മതപരിവർത്തനം, മന്ത്രവാദം എന്നിവ തടയാൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് നിർദ്ദേശം നൽകണമെന്ന ഹർജി സുപ്രീംകോടതി തള്ളി. 8 വയസ്സിന് മുകളിലുള്ള ആർക്കും ഇഷ്ടമുള്ള മതം തെരഞ്ഞെടുക്കുവാൻ സ്വാതന്ത്ര്യമുണ്ടെന്നും ഭരണഘടന അതിന് അവകാശം നൽകുന്നുണ്ടെന്നും കോടതി പറഞ്ഞു. ജസ്റ്റീസ് ആർ എഫ് നരിമാൻ അദ്ധ്യക്ഷനായ ബഞ്ചിന്റേതാണ് ഉത്തരവ്.

ഭരണഘടനയുടെ 25ാം വകുപ്പ് ഉദ്ധരിച്ചാണ് ഈ വിധി. ഇത്തരം ഹർജികൾ പബ്ലിസിറ്റിക്ക് വേണ്ടി മാത്രമാണെന്നും കോടതി പറഞ്ഞു. ഇനിയും ഇതുമായി വന്നാൽ വലിയ പിഴ ചുമത്തേണ്ടിവരുമെന്നും മുന്നറിയിപ്പ് കോടതി നൽകി.



## സാത്താൻ ഷൂ അവതരിപ്പിച്ച അമേരിക്കൻ റാപ്പർക്കെതിരെ വ്യാപക പ്രതിഷേധം



**തലകീഴായി കുരിശ്, സോളിൽ മനുഷ്യരക്തം,666**

ന്യൂയോർക്ക്: തന്റെ പുതിയ മ്യൂസിക് വീഡിയോയുടെ പ്രചാരണത്തിന്റെ ഭാഗമായി മനുഷ്യ രക്തമടങ്ങിയ സാത്താനിക ഷൂ അവതരിപ്പിച്ച അമേരിക്കൻ റാപ്പറും,ഗായകനും, ഗാനരചയിതാവുമായ ലിൽ നാസ് തന്റെ നടപടി വിവാദമാകുന്നു. അപകടകരമായ ഈ മാർക്കറ്റിംഗ് തന്ത്രത്തിനെതിരെ പ്രമുഖ രാഷ്ട്രീയ പ്രവർത്തകരും, വചനപ്രഘോഷകരും രംഗത്തെത്തിക്കഴിഞ്ഞു. വിവാദ ഷൂസിന്റെ നിർമ്മാണത്തിൽ പ്രമുഖ ബ്രാൻഡായ നൈനിക്ക് പങ്കുണ്ടെന്ന തരത്തിലുള്ള റിപ്പോർട്ടുകൾ വന്നെങ്കിലും കമ്പനി ഇത് നിഷേധിച്ചു. ന്യൂയോർക്ക് ആസ്ഥാനമായി വിചിത്രവും വിവാദപരമായ ഉൽപന്നങ്ങൾ പുറത്തിറക്കുന്ന എം എസ് സി എച്ച് എഫ് എന്ന കമ്പനിയുമായി സഹകരിച്ചാണ് വിവാദ ഷൂവിന്റെ നിർമ്മാണം.

ഈ ഷൂസിന്റെ വില 1018 ഡോളറാണ്. സാത്താനെക്കുറിച്ച് പറയുന്ന സാത്താൻ സ്വർഗത്തിൽ നിന്നും ഇടിമിന്നൽ പോലെ നിപതിക്കുന്നത് ഞാൻ കണ്ടു എന്ന വിശുദ്ധ ലൂക്കായുടെ സുവിശേഷ വാക്യത്തെ അടയാളപ്പെടുത്തിക്കൊണ്ട് ലൂക്കാ

05-ാം പേജ് തുടർച്ച

## ബൈബിളിനെ ടെന്നസി സംസ്ഥാനത്തിന്റെ ഔദ്യോഗിക ഗ്രന്ഥമാക്കുന്ന പ്രമേയം പ്രതിനിധി സഭ പാസാക്കി

നാഷ്വില്ലേ:വിശുദ്ധ ബൈബിളിനെ ടെന്നസി സംസ്ഥാനത്തിന്റെ ഔദ്യോഗിക ഗ്രന്ഥമാക്കുന്ന പ്രമേയം പ്രതിനിധി സഭ പാസാക്കി. ടെന്നസ്സി പ്രതിനിധി സഭയിലെ റിപ്പബ്ളിക്കൻ പ്രതിനിധിയായ ജെറി സെക്സടൺ അവതരിപ്പിച്ച ഹൗസ് ജോയന്റ് റെസലൂഷൻ 150 എന്ന പ്രമേയം 28 നെതിരെ 55 വോട്ടുകൾക്കാണ് തിങ്കളാഴ്ച നടന്ന വോട്ടെടുപ്പിൽ പാസ്സായത്. പ്രതിനിധി സഭയുടെ നെയിമിംഗ് ആന്റ് ഡെസിഗ്നേറ്റിംഗ് കമ്മറ്റിയുടെ ശുപാർശ



05-ാം പേജ് തുടർച്ച

ദി എൻഡ് ടൈം ന്യൂസ്
ദി വേക്ക് അപ്പ് -കോൾ







EDITORIAL BOARD

CHIEF EDITOR
Baiju Yacob Edavila

SUB EDITOR
Manuel Joseph
Jiji Babu

EDITORS
Pastor A Anilkumar
Rev. Joseph chacko
Sis.Sherly

MANAGER
Bovas Sreekaryam

CO-ORDINATORS
John Francis (Dallas)
Syam
Sis.Saritha
Sis.Simi
Sis.Lesley Yacob

REPORTERS
Miniesh Kumar(Baharin)
Pastor Stephen (Andrapradesh)

ADVISORY BOARD
Pastor Shibu Thomas USA
Pastor Asokan Eranakulam
M.Jacob Thiruvananthapuram


INDIA
VRA-402,Vikasnagar
Sreekariyam p.o.
Thiruvanthapuram.695017
Kerala
9526650511

### ദൈവശബ്ദത്തിനായുള്ള
# കാത്തിരിപ്പ്

**മോ**ശയെ ദൈവം വിളിക്കുമ്പോൾ ആ ശബ്ദം കേട്ട് മോശയുടെ മറുപടി, അടിയൻ ഇതാ ഇവിടെ ഉണ്ട് എന്നായിരുന്നു. മോശയുടെ മറുപടികേട്ടാൽ നാം ചിന്തിക്കും എന്തും ചെയ്യാൻ തയ്യാറായി നിൽക്കുന്ന ഉത്തമനായ ദാസനെന്ന്. ദൈവം പദ്ധതി അറിയിച്ചപ്പോൾ മോശ തന്റെ ബലഹീനതകളെ/കുറവുകളെ ഉയർത്തിക്കാട്ടി ഒഴിഞ്ഞുമാറുവാൻ ശ്രമിച്ചു. എന്നാൽ വാക്കിനാൽ ഊർജ്ജമേകി ബലപ്പെടുത്തി അയയ്ക്കുന്നു. നാമും നമ്മുടെ കഴിവുകൾ/സാധ്യതകൾ കുറച്ച് കാണുകയും, കഴിവില്ലാ എന്ന് സ്വയം വിധിച്ചും, നമ്മെ വിളിച്ചിട്ടില്ല എന്ന്



ആശ്വസിച്ച് സ്വമേധ മനോനിർവൃതിയടയുന്നവരാണ് നമ്മളിൽ പലരും. നമ്മിലെ ആത്മീയ സാധ്യതകളെ അളക്കേണ്ടത് നമ്മുടെ വിദ്യാഭ്യാസത്താലോ, ബുദ്ധിസാധ്യതകളാലോ അല്ല. മറിച്ച് നമ്മളെക്കുറിച്ചുള്ള ദൈവീകവിളി എത്രഉന്നതമോ അത്രത്തോളമുന്നതമാണ് നമ്മുടെ ആത്മീയ ഉന്നതിയുടെ സാദ്യതകളും. നാമും നമ്മുടെ സ്വാഭാവിക ബലഹീനതകളെ അമ്പേ മറന്ന് ദൈവവിളിക്കൊത്തവണ്ണം വിശ്വാസത്താൽ പ്രാർത്ഥനയോടെ മുന്നേറുക. പിന്നെയും ബലഹീനതയിൽ വിചാരപ്പെടുന്ന വിശ്വാസി ദൈവത്തെ പരിഹസിക്കയത്രെ ചെയ്യുന്നത്.

നമുക്ക് എത്രത്തോളം ഉയരാം, എത്രത്തോളം വളരാം എന്ന ചോദ്യത്തിന് ഏക ഉത്തരം ദൈവവിളിക്കൊത്തവണ്ണം/ദൈവനിയോഗത്തോളും മോശക്ക് മുൾപ്പടർപ്പിൽ വെളിപ്പെട്ട അത്യുന്നതന്റെ കൽപ്പനയ്ക്ക് എല്ലായ്പ്പോഴും കാതോർത്ത് ഒരുക്കമുള്ളവരായിരിപ്പാൻ നമ്മെ പ്രാപ്തരാക്കിത്തീർക്കട്ടെ.





ബൈജു യാക്കോബ്
ഇടവിള

**Disclaimer**

The views expressed in this online newspaper are those of the authors and do not necessarily reflect the position of HSM End Time News. The online newspaper will not bear any responsibility whatsoever for them. The images used in the newspaper have been downloaded from the Internet and we acknowledge that the copyright of those images remain with the original owners. HSM End Time News does not claim any copyright for them and does not intend to use them for commercial purposes.




# ലംഘനം



jiji babu

പ്രിയരേ പാപം അല്ലെങ്കിൽ ലംഘനം ചെയ്യാത്തവരായി ആരും തന്നെ കാണുകയില്ല. പ്രിയരേ ലംഘനമെന്ന് പറയുമ്പോൾ നാം മനപൂർവ്വമായി എന്തോ ഒരു കാര്യം ഭേദിക്കുമ്പോൾ ഒരു നിയമത്തെ നാം മനപൂർവ്വമായി പാലിക്കാതിരിക്കുമ്പോൾ അത് ലംഘനമാണല്ലെ. അങ്ങനെയെങ്കിൽ ഒരു ദൈവീക പ്രമാണം ദൈവം നമുക്ക് നൽകിയിട്ടുണ്ട്. ആ പ്രമാണങ്ങളെ അനുസരിക്കാതിരിക്കുമ്പോൾ ലംഘിക്കുമ്പോൾ പാപമായി മാറുന്നു. സദൃ. 28:13 പറയുന്നു തന്റെ ലംഘനങ്ങളെ മറച്ചുവെയ്ക്കുന്നവന് ശുഭം വരികയില്ല ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും.

ദൈവത്തിന്റെ വചനം പിന്നെയും പറയുന്നു സങ്കീ. 34.1 ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയ മനുഷ്യൻ ഭാഗ്യവാൻ. പ്രിയരേ ജീവിതത്തിലെ വീഴ്ചകൾ മറച്ചുവെയ്ക്കാതെ ദൈവസന്നിധിയിൽ ഏറ്റുപറയാം. കാരണം കർത്താവ് നമ്മുടെ പാപത്തിനും രോഗത്തിനും ശാപത്തിനുംവേണ്ടിയാണല്ലോ ക്രൂശിൽ മരിച്ചത്. പാപമോചനവും ശപമോചനവും രോഗസൗഖ്യവും നമ്മുടെ അവകാശമാണ് പ്രിയരെ പാപത്തെക്കുറിച്ച് മൗനം ഭജിച്ച് ദിനംമുഴുവൻ മനം തകർന്ന് പാപഭാരമോർത്ത് വേദനയിലൂടെ കടന്ന് പോയാൽ ശരീരം ക്ഷയിച്ച് ബലം നഷ്ടമാകും. ദൈവകരം നിന്റെ മേൽ വെയ്ക്കപ്പെട്ടാൽ വേനൽചൂടിലെന്നപോലെ നിന്റെ ശക്തി വരണ്ടുപോകുമെന്ന് 32-ാം സങ്കീർത്തനം പറയുന്നു. സങ്കീർത്തനക്കാരനായ ദാവീദ് ഈ അവസ്ഥയിലൂടെ കടന്നുപോയതാണ്. ദാവീദ് പറയുകയാണ് ഞാൻ എന്റെ പാപം നിന്നോടറിയിച്ചു. ഞാനൊന്നും നിന്നോട് മറച്ചുവച്ചില്ല. പാപം ദൈവത്തോട് ഏറ്റുപറഞ്ഞപ്പോൾ പാപത്തിന്റെ കുറ്റം ക്ഷമിച്ചു. അങ്ങനെ ചെയ്തപ്പോൾ ദൈവഭക്തനു നേരെവന്ന കഷ്ടങ്ങളിൽ ദുരിതദിനത്തിൽ ദൈവം പ്രയാസങ്ങളിൽ നിന്നു രക്ഷിച്ചു നടക്കേണ്ടുന്ന വഴി പറഞ്ഞുകൊടുത്തു. ദൈവത്തിന്റെ സംരക്ഷണ വലയത്തിൽ സൂക്ഷിച്ചു. അപ്പോഴാണ് ദാവീദിനു ദൈവത്തിന്റെ അചഞ്ചല സ്നേഹം അനുഭവിക്കുവാൻ ഇടയായിത്തീർന്നത്. ദൈവപൈതലെ ജീവിതത്തിലെ വീഴ്ചകൾ ദൈവത്തോടേറ്റുപറഞ്ഞു ഒരു പുതിയ വ്യക്തിയായി മാറിയാൽ ദൈവത്തിന്റെ അചഞ്ചല സ്നേഹവും സംരക്ഷണവും സഹായവും നമുക്ക് ലഭിക്കുകതന്നെ ചെയ്യും. ദൈവം അനുഗ്രഹിക്കട്ടെ ആമേൻ.

Available on the iPhone App Store
ANDROID APP ON Google play





പാസ്റ്റർ കെ സി തോമസ്

# സൂക്ഷിക്കുക നാവിൽ തീയുണ്ട്

വയറ്റിലെ അസുഖം അറിയുവാൻ ഡോക്ടർമാര നാവാണ് ആദ്യം പരിശോധിക്കുന്നത്. ഒരുവന്റെ നാവ് ശ്രദ്ധിച്ചാൽ അവന്റെ അന്തർഭാഗം എങ്ങനെ എന്ന് അറിയാം. മനുഷ്യന്റെ വാനിൽ നിന്നു പുറപ്പെടുന്ന വാക്കുകളും അവന്റെ ജീവിതവുമായി വളരെ ബന്ധം ഉണ്ട്. നല്ല നിക്ഷേപത്തിൽ നിന്ന് നല്ലതു പുറപ്പെടും. ഹൃദയം നിറഞ്ഞു കവിയുന്നതാണ് വായ് പ്രസ്ഥാവിക്കുന്നത്. ഒരു ഗ്ലാസ്സിൽ വെള്ളം നിറഞ്ഞിരുന്നാൽ അതിൽ നിന്നും തുളുമ്പുന്നത് വെള്ളമായിരിക്കും. പാൽ നിറഞ്ഞിരുന്നാൽ പാൽ തുളുമ്പും. ഹൃദയത്തിൽ ദുഷ്ടതയും അശുദ്ധിയും നിറഞ്ഞിരിക്കുന്നവരുടെ വായിൽ നിന്നും അതേ പുറപ്പെടുകയുള്ളു. ദൈവത്തിന്റെ നാവിൽ നിന്നും പുറപ്പെട പുറപ്പെട്ട വാക്കിനു സൃഷ്ടിപ്പാനും നശിപ്പിക്കുവാനും ശക്തിയുള്ളതുപോലെ ദൈവത്തിന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ വാക്കിന്റെ ശക്തിയും സ്വാധീനവും വലുതാണ്. പ്രപഞ്ചത്തെ പിടിച്ചുനിർത്തുവാൻവരെ നാവിന് ശക്തിയുണ്ടായിട്ടുണ്ട്. മനുഷ്യവാക്കുകൾ അനുഗ്രഹമായും ശാപമായും തീർന്നിട്ടുണ്ട്. നാവ് ചെറിയ അവയവും ആണെങ്കിലും അതിന്റെ ശക്തിയും സ്വാധീനവും അത് ചെയ്യുന്ന ദോഷവും വളരെയാണ്. ഒരു വയക്തിയുടെ ഘനം അവന്റെ വാക്കിന്റെ ഘനമാണ്.

വേദപുസ്തകത്തിൽ നാവിനെക്കുറിച്ചുപറയുവാൻ അനേക വാക്യങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. നാവിനെ അനേകം വിഷയങ്ങളോടു സാമ്യപ്പെടുത്തിയിട്ടുണ്ട്. അതിനെ കപ്പലിന്റെ ചുക്കാനോടും, കുതിരയുടെ കടിഞ്ഞാണിനോടും, കാട് കത്തിക്കുന്ന ചെറിയ തീയോടും, ഉറവയോടും സർപ്പവിഷത്തോടുമെല്ലാം സാദൃശ്യപ്പെടുത്തിയിരിക്കുന്നു. അത് ഒരു അനീതിലോകമായും പറഞ്ഞിട്ടുണ്ട്. അനീതി നിറഞ്ഞ ലോകത്തിൽ ജീവിക്കുന്ന മനുഷ്യന്റെ വായ്ക്കകത്ത് ഒരു അനീതി ലോകമുണ്ട്. ഒരോരുത്തരും മരിക്കുമ്പോൾ വാസ്തവത്തിൽ ഓരോ അനീതി ലോകവും അവസാനിക്കുകയാണ്. നാവുകൊണ്ട് മനുഷ്യൻ ഒരോ ദിവസവും ചെയ്യുന്ന പാപങ്ങൾ വളരെയാണ്. മനുഷ്യശരീരത്തിൽ ഏറ്റവും കൂടുതൽ പാപം ചെയ്യുന്ന അവയവങ്ങളിൽ ഒന്നാണ് നാവ്. കള്ളങ്ങൾ, നുണകൾ, ഏഷണികൾ, കുറ്റംപറച്ചിൽ, കുറ്റപ്പെടുത്തൽ, നിന്ദകൾ, ശാപങ്ങൾ ഇങ്ങനെ എത്രയത്ര പാപങ്ങൾ ആണ് ഓരോ ദിവസവും ചെയ്തു കൂട്ടുന്നത്. നാവിന്റെ ദോഷങ്ങൾ കൊണ്ട് എത്രയോ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. അനേക കുടുംബങ്ങൾ അത് നിമിത്തം അനാഥമായി തീർന്നിട്ടുണ്ട്. അത് അനേകരെ ബദ്ധശത്രുക്കളാക്കിത്തീർത്തിട്ടുണ്ട്. അനേക സഭകളെ ഭിന്നിപ്പിച്ചിച്ചതു ചില വാക്കുകളാണ്. പെട്ടെന്നുള്ള ക്ഷോഭത്തിൽ സ്വയം നിയന്ത്രിക്കാൻ കഴിയാതെ വിളിച്ചു പറയുന്ന വാക്കുകൾ തിരിച്ചെടുക്കുവാൻ സാദ്ധ്യമല്ല. അത് അനേക ഹൃദയങ്ങളിൽ ഒരു തീക്കൊള്ളിപ്പോലെ പുകഞ്ഞു നീറി കത്തിക്കൊണ്ടിരിക്കും. ഇന്ന് സഭാതലത്തിൽ കാണുന്ന തൊണ്ണൂറ് ശതമാനം പ്രശ്നങ്ങൾക്കും കാരണം നാവിന്റെ ദോഷമാണ്. നാവ് ദേഹത്തെമുഴുവൻ മലിനപ്പെടുത്തി ജീവചക്രത്തിനു തീ കൊളുത്തുകയും നരകത്തീയിൽ ഒടുവിൽ പതിപ്പിക്കുകയും ചെയ്യും. എണ്ണപ്പെട്ട ചില പാപങ്ങളിൽ പലരും ഈ പാപത്തെ ഉൾക്കൊള്ളിച്ചിട്ടില്ല. എന്നാൽ ഇത് നരകത്തീയിൽ വീഴത്തക്ക പാപമാണ്. ശരീരത്തിന്റെ ഏതൊരു അവയവങ്ങൾകൊണ്ടു പാപം ചെയ്താലും ശിക്ഷയുണ്ട്. ദൈവമക്കൾ ദൈവത്തിന്റെ മന്ദിരമായിരിക്കയാൽ അവരുടെ അവയവങ്ങൾ എല്ലാം വിശുദ്ധവും ദൈവത്തിനുമഹത്വവും കൊടുക്കുന്നതുമായിരിക്കേണം. അതുകൊണ്ടാണ് “എന്റെ മനമേ യഹോവയെ വാഴ്ത്തുക എന്നിലുള്ള സകലതുമേ നീ യഹോവയെ വാഴ്ത്തുക” എന്നു ദാവീദ് പറഞ്ഞു.

മനുഷ്യൻ പറയുന്ന ഏതൊരു നിസ്സാര വാക്കിനും ന്യായവിധി ദിവസത്തിൽ കണക്കുകൊടുക്കേണ്ടിവരുമെന്ന് വിശുദ്ധ വേദപുസ്തകം പറയുന്നു. അങ്ങനെയെങ്കിൽ വൈരാഗ്യത്തിലും പിണക്കത്തിലും പകയിലും അസൂയയിലും, കോപത്തിലും മറ്റുള്ളവർക്ക് എതിരായി പറയുന്ന കഠിനവാക്കുകൾക്ക്, സഭ്യമല്ലാത്ത വാക്കുകൾക്ക് എത്രയധികം കണക്കുകൾ ബോധിപ്പിക്കേണ്ടിവരും. അതിശയോക്തിയായി പറയുന്ന വാക്കുകൾക്കും, വ്യാജപ്രസ്താവനകൾക്കും, സ്വയപ്രശംസകൾക്കും മുഖസ്തുതികൾക്കും കണക്കുകൊടുത്തേ മതിയാകുകയുള്ളു. അതുകൊണ്ട് ദൈവമക്കളുടെ വാക്കുകൾ കൃപയോടുകൂടിയതും ഉപ്പിനാൽ രുചിവരുത്തുന്നതും ആയിരിക്കേണം. വ്യർഥസംസാരം. പൊട്ടച്ചൊല്ല്, കളിവാക്ക് എന്നിവ പാടില്ല. കേൾപ്പാൻ വേഗതയും പറയുവാൻ താമസമുള്ളവരാകേണം. ദൈവം സൃഷ്ടിപ്പിൽ തന്നെ ആ കാര്യം വെളിപ്പെടുത്തിയിട്ടുണ്ട്. കേൾപ്പാൻ വേഗതയ്ക്ക് രണ്ടു ചെവിയും പറയുവാൻ ഒരു നാവുമാണ് മനുഷ്യശരീരത്തിൽ സൃഷ്ടിച്ചത്. കണ്ണും, കയ്യും, കാലും, ചെവിയും ഈരണ്ടു

തുടർച്ച 06 പേജ്ൽ

# ക്രൈസ്തവ ന്യൂന പക്ഷങ്ങൾക്കെതിരെയുള്ള ആക്രമണങ്ങൾ അവസാനിപ്പിക്കുക: ജെയ്സ് പാണ്ടനാട്

തിരുവല്ല: ഭാരതത്തിൽ വർദ്ധിച്ചു വരുന്ന ന്യൂന പക്ഷ വേട്ട അവസാനിപ്പിക്കണമെന്നും കള്ളക്കേസിൽ കുടുക്കി ജയിലിൽ അടച്ച ഫാദർ സ്റ്റാൻ സ്വാമിക്ക് ജാമ്യം നൽകണമെന്നും യു പി യിൽ കന്യാസ്ത്രീകൾക്കെതിരെ ആക്രമണം നടത്തിയ പ്രതികളെ നിയമത്തിനു മുമ്പിൽ കൊണ്ടുവരണമെന്നും പ്രഭാഷകനും സോഷ്യൽ ആക്ടിവിസ്റ്റുമായ ജെയ്സ് പാണ്ടനാട് ആവശ്യപ്പെട്ടു. ചർച്ച് ഓഫ് ഗോഡ് കേരള റീജിയൺ യൂത്ത് & സൺഡേസ്കൂൾ സംയുക്തമായി തിരുവല്ലയിൽ സംഘടിപ്പിച്ച വിശദീകരണ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭരണഘടന വിഭാവനം ചെയ്യുന്ന വിശ്വാസ സ്വാതന്ത്ര്യം നിലനിൽക്കുന്ന രാജ്യത്ത് ആശയ പ്രചാരണങ്ങളെ തടസപ്പെടുത്തുന്നത് ജനാധിപത്യത്തിന് ഭൂഷണമല്ലെന്നും അദ്ദേഹം പറഞ്ഞു. ഛത്തീസ്ഗഢ്, ബാംഗ്ലൂർ,വർക്കല,ഒറ്റപ്പാലം,വാണീയംകുളം എന്നീ സ്ഥലങ്ങളിൽ നടന്ന ആക്രമണങ്ങളേയും യോഗം അപലപിച്ചു. സണ്ഡേസ്കൂൾ ഡയറക്ടർ പാസ്റ്റർ സിജു വി സി അധ്യക്ഷ ത വഹിച്ചു. യൂത്ത് ഡയറക്ടർ പാസ്റ്റർ ജെബു കുറ്റിപ്പുഴ ഉദ്ഘാടനം നിർവഹിച്ചു.

പാസ്റ്റർ കെ ജെ ജയിംസ്,പാസ്റ്റർ ജോമോൻ മാത്യൂ, പാസ്റ്റർ രാജൻ മാത്യൂ, പാസ്റ്റർ മാത്യൂ സാമുവേൽ, പാസ്റ്റർ എം ടി മനോജ് എന്നിവർ പങ്കെടുത്തു.

# ഇന്ത്യൻ ചരിത്രത്തിൽ ആദ്യമായി കടലിലെ കൂട്ടസ്നാനം കോവളം ഹവ്വ ബീച്ചിൽ നടത്തപ്പെട്ടു



2021 ഏപ്രിൽ മാസം 4ാംാം തിയതി 4 മണിക്ക് കൂട്ട സ്നാനം കോവളം ഹവ്വ ബീച്ചിൽ വെച്ച് നടത്തപ്പെട്ടു. ആയിരക്കണക്കിന് വിശ്വാസ സമൂഹത്തെ സാക്ഷി നിർത്തി നൂറിൽ പരം സഭാദ്ധ്യക്ഷൻമാരുടെ സാന്നിദ്ധ്യത്തിൽ 300 ൽ പരം ആളുകൾ സ്നാനപ്പെട്ട മെഗാ സ്നാനം നടന്നു. ഫെസ്റ്റിവൽ ഓഫ് ബാപ്റ്റിസം എന്ന പേരിൽ നടത്തപ്പെട്ട സ്നാന ശുശ്രൂഷയ്ക്ക് ബ്രദർ അനു ജേക്കബ്, പാസ്റ്റർ ബിജു ഡൊമിനിക്, പാസ്റ്റർ ഷിബു ജഗതി, പാസ്റ്റർ അനീഷ് കട്ടപ്പന, പാസ്റ്റർ ജേക്കബ് ജി പോൾ,പാസ്റ്റർ അനിൽ ബെന്നിസൺ,പാസ്റ്റർ അരവിന്ദ് മോഹൻ,പാസ്റ്റർ സണ്ണി ജോൺ കോവളം എന്നിവർ നേതൃത്വം നൽകി..

# സുപ്രീംകോടതി നിലപാടിനെ കേരളാ കൗൺസിൽ ഓഫ് ചർച്ചസ് സ്വാഗതം ചെയ്തു

തിരുവല്ല: ഭരണഘടന ഉറപ്പുനൽകുന്ന മതസ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കുന്ന ബഹു: സുപ്രീംകോടതി നിലപാടിനെ കേരളാ കൗൺസിൽ ഓഫ് ചർച്ചസ് സ്വാഗതം ചെയ്തു. പ്രായപൂർത്തിയായ ഏതൊരു വ്യക്തിക്കും തനിക്ക് താല്പര്യമുള്ള മതത്തിൽ വിശ്വാസിക്കുന്നതിനും അതിൻപ്രകാരം ജീവിക്കുന്നതിനും അത് പ്രചരിപ്പിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം സംരക്ഷിക്കുന്ന കോടതി വിധി സമകാലിക ഭാരത സമൂഹത്തിന് പ്രതീക്ഷ നൽകുന്നതായി കെ.സി.സി പ്രസിഡന്റ് ബിഷപ്പ് ഡോ.ഉമ്മൻ ജോർജ്, ജനറൽ സെക്രട്ടറി അഡ്വ. പ്രകാശ് പി തോമസ് എന്നിവർ ഒപ്പുവെച്ച കത്തിൽ അറിയിച്ചു.

ഭരണഘടനയുടെ 25 ആം അനുഛേദം സംരക്ഷിക്കപ്പെടേണ്ടത് ഇന്ത്യൻ മതേതരത്വത്തിന്റെ നിലനിൽപ്പിന് അത്യാവശ്യമാണെന്നും സ്വതന്ത്ര നീതിന്യായ വ്യവസ്ഥയുടെ നിലനിൽപ്പിനായി കെ.സി.സി അംഗസഭകളിലെ എല്ലാ ഇടവകകളിലും പ്രത്യേകം പ്രാർത്ഥിക്കണമെന്നും, സ്വതന്ത്ര പരമാധികാര ജനാധിപത്യ മതേതര രാഷ്ട്രമായി ഭാരതം തുടർന്നും നിലനിൽക്കേണ്ടതിന് ഏവരും പ്രാർത്ഥിക്കയും, പ്രവർത്തിക്കയും ചെയ്യണമെന്ന് കത്തിലൂടെ അഭ്യർത്ഥിച്ചു.

THE ENDTIME NEWS




## 01 –ാം പേജ് തുടർച്ച

10:18 എന്നും ഷൂസിൽ പ്രിന്റ് ചെയ്തിട്ടുണ്ട്.

മോണ്ടേരോ കാൾ മി ബൈ യുവർ നെയിം എന്ന പുതിയ സംഗീത വീഡിയോയുടെ പ്രചരണത്തിന്റെ ഭാഗമായിട്ടാണ് സാത്താൻ ഷൂസുമായിലിൽ നാസ് രംഗത്തെത്തിയത്. സ്ട്രിപ്പർ പോളിൽ നിന്നും നരകത്തിലേക്കിറങ്ങി വരുന്ന താരം സാത്താനൊടൊപ്പം നൃത്തം ചെയ്യുന്നതും സാത്താന്റെ കഴുത്ത് പിടിച്ചൊടിച്ച് സാത്താന്റെ കിരീടമെടുത്ത് സ്വന്തം തലയിൽ വെക്കുന്നതുമാണ് വീഡിയോയുടെ പ്രതിപാദ്യം. പൈശാചികത വെളിവാക്കുന്ന രീതിയിലാണ് വീഡിയോയുടെ അവതരണവും. സാത്താനിക സംഖ്യയെ പ്രതിനിധീകരിക്കുന്ന 666 ജോടി ഷൂസുകൾ മാത്രമാണ് പുറത്തിറക്കുന്നത്.

സൗത്ത് ഡകോട്ട ഗവർണർ ക്രിസ്റ്റി നോയം, ലോക പ്രശസ്ത സുവിശേഷകൻ ബില്ലി ഗ്രഹാമിന്റെ മകൻ ഫ്രാങ്ക്ലിൻ ഗ്രഹാം, ഇവാഞ്ചലിക്കൽ പാസ്റ്റർ മാർക്ക് ബോൺസ് തുടങ്ങിയവർ നടപടിയെ വിമർശിച്ചിട്ടുണ്ട്.ഷൂസ് അവതരിപ്പിച്ചത് പൈശാചികമാണെന്നും രാജ്യത്തെ ധാർമ്മികത വളരെ വേഗത്തിൽ ഇടിയുകയാണെന്നും ഫ്രാങ്ക്ളിൻ ഗ്രഹാം പറഞ്ഞു. തങ്ങളുടെ തൊഴിലാളികളാണ് ഷൂസ് നിർമ്മാണത്തിന് വേണ്ട രക്തം നൽകിയതെന്ന് എം എസ് സി എച്ച് എഫ് പറയുന്നത്.

## 01 –ാം പേജ് തുടർച്ച

യെതുടർന്ന് പാസാക്കപ്പെട്ട പ്രമേയത്തിന്റെ അടുത്ത ലക്ഷ്യം സെനറ്റാണ്. മുൻവർഷങ്ങളിൽ അവതരിപ്പിച്ച് പരാജയപ്പെട്ട പ്രമേയമാണ് ഇപ്പോൾ പാസ്സാക്കപ്പെട്ടിരിക്കുന്നത്.

ഇരുപതാം നൂറ്റാണ്ടിന് മുമ്പ് ഉണ്ടായിരുന്ന ടെന്നസ്സി കുടുംബങ്ങളുടെ ചരിത്രപരമായ രേഖയെന്ന നിലയിൽ വിശുദ്ധ ബൈബിളിന് ടെന്നസ്സി സംസ്ഥാനത്തിൽ ചരിത്രപരവും, സാംസ്കാരികവുമായ വലിയ പ്രാധാന്യമുണ്ടെന്നും വിശ്വാസത്തിന്റെ അടിസ്ഥാനമാണ് ബൈബിളെന്നും, ബൈബിൾ അച്ചടി സംസ്ഥാനത്തിലെ കോടിക്കണക്കിന് ഡോളർ വിനിമയം നടക്കുന്നത് കണക്കിലെടുത്ത് ബൈബിളിനെ സംസ്ഥാനത്തിന്റെ ഔദ്യോഗിക ഗ്രന്ഥമാക്കി മാറ്റണമെന്നാണ് പ്രമേയത്തിൽ പറയുന്നത്.

തോമസ് നെൽസൺ, ഗിദിയോൻസ് ഇന്റർനാഷണൽ, യുണൈറ്റഡ് മെത്തഡിസ്റ്റ് പബ്ലിഷിംഗ് ഹൗസ് തുടങ്ങി പ്രമുഖ ബൈബിൾ പ്രസാധക കമ്പനികൾ ടെന്നസ്സിയിലെ നാഷ് വില്ലേ ആസ്ഥാനമായാണ് പ്രവർത്തിക്കുന്നത്. അമേരിക്ക ക്രിസ്തീയ മൂല്യങ്ങളിൽ രൂപംകൊണ്ട രാഷ്ട്രമായതിനാൽ ബൈബിളിന്റെ വിശ്വാസപരമായ സ്വഭാവം കണക്കിലെടുത്ത് ബൈബിളിനെ വിവേചനത്തിനിരയാക്കരുതെന്ന് സെനറ്റർ പറഞ്ഞതായി ദി ടെന്നസ്സിയന്റെ റിപ്പോർട്ടിൽ പറയുന്നു. പ്രമേയത്തെ അനുകൂലിച്ച റിപ്പബ്ലിക്കൻ പ്രതിനിധികൾ പൊതു പൈതൃകം എന്ന വിശേഷണമാണ് ബൈബിളിന് നൽകിയത്.

THE END TIME NEWS
VOICE OF HARVESTING SOULS MISSION



04-ാം പേജ് തുടർച്ച

വീതം സൃഷ്ടിച്ചദൈവം രണ്ട് നാവ് സൃഷ്ടിക്കാഞ്ഞതിൽ സ്തോത്രം പറയേണ്ടതുണ്ട്. ഒരു നാവ് ആയിട്ട് പലരും ഓരോ ദിവസം പറഞ്ഞുകൂട്ടുന്ന പാപത്തിന് കയ്യും കണക്കുമില്ല. അങ്ങനെയെങ്കിൽ രണ്ടുനാവ് ഉണ്ടായിരുന്നെങ്കിൽ എന്തായിരുന്നു സ്ഥിതി. എന്റെ ദാസനെപ്പോലെ ചെകിടൻ ആരുള്ളൂ. എന്റെ ദാസനെപ്പോലെ ഊമൻ ആരുള്ളൂ.

ചിലസമയങ്ങളിൽ ചെകിടനെപ്പോലെയും, ഊമനെപ്പോലെയും ജീവിച്ചാലെ സ്വർഗ്ഗത്തിൽപോകാൻ സാധിക്കൂ. കേൾക്കുന്ന ഓരോവാക്കിനും മറുപടി പറഞ്ഞില്ലെങ്കിൽ ചിലർക്ക് ഉറക്കം വരുകയില്ല. ഒരു വാക്കും വിട്ടുകൊടുക്കാത്തവരുണ്ട്. വാക്കുകളുടെ പെരുപ്പത്തിൽ പാപമുണ്ട്. കുറച്ച് സംസാരിക്കുകയാണ് ആത്മീയത്തിന്റെ ലക്ഷണം. ഇന്ന് രണ്ടുപേർതമ്മിൽ കണ്ടുമുട്ടുമ്പോൾ മൂന്നാമതൊരാളിനെക്കുറിച്ച് കുറ്റംപറയാനുള്ള പ്രേരണയാണ് പൊതുവേ കണ്ട് വരുന്നത്. "നീ ഇരുന്ന് നിന്റെ സഹോദരന് വിരോധമായി സംസാരിക്കുന്നു. നിന്റെ അമ്മയുടെ മകനെക്കുറിച്ച് അപവാദം പറയുന്നു." "നിന്റെ വായ് നീ ദോഷത്തിന് വിട്ടുകൊടുക്കുന്നു. നിന്റെ നാവ് വഞ്ചന പിണക്കുന്നു" (സങ്കീ. 50:20-19) എന്നാൽ തന്റെ സഹോദരന്മമ്മാരുടെ ക്ഷേമം അന്വേഷിക്കുകയാണ് നെഹന്മ്യാവ് ചെയ്തത്. സഹോദരനെ പകയ്ക്കുന്നവനെക്കുറിച്ച് ഇരുട്ടിൽ ഇരിക്കുന്നവനെന്നും (1 യോഹ 2:11) കൊലപാതകനെന്നും (1 യോഹ 3:15) കള്ളനെന്നും (1 യോഹ 4:20) ദൈവവചനം അരുളിചെയ്യുന്നു. ഇരുട്ടിലിരിക്കുന്ന കള്ളനും കൊലപാതകനും സ്വർഗ്ഗം ലഭിക്കുമോ. രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് അഭിഷേകം പ്രാപിച്ചവർ ഇപ്രകാരം ആകുന്നത് യോഗ്യമാണോ? സഹോദരന്മാരുടെ ഇടയിൽ ഏഷണി പറഞ്ഞ് നടക്കരുതെന്ന് ന്യായപ്രമാണത്തിൽ ദൈവം വ്യക്തമായ കല്പന നൽകിയിട്ടുണ്ട്. നുണയനില്ലാഞ്ഞാൽ വഴക്കും ഇല്ല. ഭോഷ്ക്കു പറയുന്നത് സാത്താന്റെ ജോലിയാണ്. വിശ്വാസികൾ അവന്റെ ജോലിയിൽ സഹായിക്കുവാൻ പാടില്ല. ഭോഷ്ക് പറഞ്ഞു നടക്കുന്നവരിൽ അവന്റെ ശക്തിയാണ് വ്യാപരിക്കുന്നത്. ആയതിനാൽ ദാവീദ് എടുത്തതുപോലെ ഒരു ഉറച്ച തീരുമാനമെടുത്താൽ വലിയ വ്യതിയാനം ആത്മീയ ഗോളത്തിലുണ്ടാകും.

'നാവുകൊണ്ട് പാപം ചെയ്യാതിരിപ്പാൻ ഞാൻ എന്റെ വഴികളെ സൂക്ഷിക്കുമെന്നും ദുഷ്ടൻ എന്റെ മുന്നിലിരിക്കുമ്പോൾ എന്റെ വായ് കടിഞ്ഞാണിട്ടുകാക്കുമെന്നും പറഞ്ഞു.' (സങ്കി. 39:1) അതിനാൽ ഉരിയാടാതെ ഊമനായി ചിലനാൾ താന കഴിഞ്ഞു.



ദാവീദ് അങ്ങനെ തീരുമാനം ചെയ്യാൻ ഒരു കാരണമുണ്ടായിരുന്നു. താൻ യഹോവയോടും ഒരു കാര്യം അപേക്ഷിച്ചിരുന്നു. അത് തന്നെ ആഗ്രഹിച്ചിരുന്നു. യഹോവയുടെ മനോഹരത്വം കാണ്മാനും അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും ആയുഷ്ക്കാലമൊക്കെയും യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിനുംതന്നെ. ദൈവത്തിന്റെ കൂടാരത്തിൽ പാർക്കാനുള്ള യോഗ്യത എന്താണെന്നു ദൈവം തനിക്കു വെളിപ്പെടുത്തിയിരിക്കുന്നു. "നിഷ്കളങ്കനായി നടന്ന് നീതി പ്രവർത്തിക്കുകയും, ഹൃദയപൂർവ്വം സത്യം സംസാരിക്കുകയും, നാവുകൊണ്ടു കുരള പറയാതെയും തന്റെ കൂട്ടുകാരനോടു ദോഷം ചെയ്യാതെയും ഇരിക്കണം (സങ്കീ. 15:3) അനേകർ തനിക്ക് എതിരായി സംസാരിച്ചിട്ടും. തന്നെ കേൾക്കെ നീചാ, നീചാ എന്നു വിളിച്ചിട്ടും ഒരു ഊമനപ്പോലെ ഇരുന്നതിനാൽ തനിക്ക് ഒരു ദോഷവും ഉണ്ടായിട്ടില്ല. പ്രത്യുത അനുഗ്രഹിക്കപ്പെടുകയാണു ചെയ്തത്.

ഉള്ളതു പറയുന്നതിൽ എന്താണ് തെറ്റ് എന്നാണ് ചിലരുടെ ചിന്ത. അന്യനെ വിധിക്കുവാനോ അന്യനെ ധിക്കരിക്കുവാനോ നീ ആര്. നാം എല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിന്റെ മുമ്പിൽ ഒരു ദിവസം നിന്ന് ഓരോരുത്തർ ദൈവത്തോടു കണക്കുബോധിപ്പിക്കേണ്ടിവരും മറ്റൊരുത്തന്റെ ദാസനെ വിധിപ്പാൻ ആർക്കും അധികാരമില്ല. യോശുവ മുഷിഞ്ഞ വസ്ത്രം ധരിച്ചുകൊണ്ട് ദൈവസന്നിധിയിൽ ശുശ്രൂഷിച്ചു എന്നതു സത്യമായിരുന്നു. എന്നാൽ അതു പറയാൻ ചെന്ന സാത്താനെ ദൈവം ഭത്സിക്കുകയാണ് ചെയ്തത്. നോഹ നഗ്നനായി കിടക്കുന്നത് സത്യമാണെങ്കിലും അത് പറഞ്ഞ ഹാമും സന്തതികളും ശപിക്കപ്പെട്ടു. മറ്റുള്ളവരെ കുറ്റപ്പെടുത്തിക്കൊണ്ടിരുന്ന യെശയ്യാവ് ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിലിരിക്കുന്നവന്റെ മഹത്വം കണ്ടതുപോലെ ദൈവീക ദർശനം ഉള്ളവരായിത്തീർന്നാൽ ഓരോരുത്തർക്കും തങ്ങളുടെ പോരായ്മകൾ കണ്ട് ഉണരുവാനും, യാഗപീഠത്തിലെ കനലിനാൽ നാവിന്റെ അശുദ്ധികൾ നീക്കപ്പെട്ട് അനുഗ്രഹിക്കപ്പെടുവാനും ഇടയാകും. തന്റെ തെറ്റുകളെ ഗ്രഹിക്കുന്നവർ ആര്? മറ്റുള്ളവരുടെ നല്ലവശം മാത്രം കാണാനും സംസാരിക്കുവാനുമുള്ള കൃപയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം.

Available on the iPhone App Store
ANDROID APP ON Google play
THE ENDTIME NEWS



# നാവിനെ സൂക്ഷിക്കുക



**Sharlet P Mathew**

**ന**മ്മുടെ ഇടയിൽ സ്ഥിരം പറഞ്ഞു കേൾക്കുന്ന ഒരു ശൈലിയാണ് 'ഓന്തിനെപ്പോലെ നിറം മാറരുത്'

സാഹചര്യമനുസരിച്ച് നിറം മാറുവാൻ കഴിവുള്ള ഓന്തുകൾക്ക്, സ്വന്തം ശരീരത്തിന്റെ ഇരട്ടി നീളത്തിൽ നാക്കു നീട്ടാൻ കഴിയും. പൊതുവെ ഇരയെ പിടിക്കാൻ വേണ്ടിയാണ് ഇവ ഇപ്രകാരം ചെയ്യാറുള്ളത്. ഇതുമായി സാദൃശ്യപ്പെടുത്തി ചില കാര്യങ്ങൾ മനസ്സിലാക്കുവാൻ കഴിയും.

ആഹാരം ചവച്ചരയ്ക്കാൻ 32 പല്ലും അതുപോലെ നാക്കും ഉപയോഗിക്കുന്നതിനേക്കാൾ നിഷേധാത്മകമായ (Negative) കാര്യങ്ങൾ പറയുന്നതിനായി നാവിനെ ഉപയോഗിക്കുന്ന കൂട്ടർ എല്ലാ സമൂഹത്തിലുമുണ്ട്. ചാനലുകളിലും ഇന്റർനെറ്റിലും ഗോസിപ്പ് ന്യൂസുകൾക്ക് പ്രേക്ഷകർ ഏറെയാണെന്ന് പറയപ്പെടുന്നു. ഇഷ്ടമില്ലാത്ത വ്യക്തികളെപ്പറ്റി അപവാദങ്ങൾ പ്രചരിപ്പിക്കാൻ സോഷ്യൽ മീഡിയ ഉപയോഗിക്കുന്നവരുടെ എണ്ണം വർദ്ധിച്ചിരിക്കുന്നു.

വാക്കുകൾക്കൊണ്ടോ (Verbal Communications) ആംഗ്യങ്ങൾ കൊണ്ടോ (non-verbal Communications ) ആരെയും അനാവശ്യമായി നാം വേദനിപ്പിക്കരുത്. മനസ്സ് ഇടിച്ചു കളയുന്ന വാക്കുകൾ പ്രയോഗിക്കുവാനോ ഇരട്ടപ്പേര് വിളിക്കുവാനോ ശ്രമിക്കരുത്. ഉൾക്കരുത്തില്ലാത്തവരെ ധൈര്യപ്പെടുത്തുന്ന വാക്കുകൾക്കൊണ്ടും ബലഹീനരെ താങ്ങുന്ന ആശയങ്ങൾ കൊണ്ടും സമൂഹത്തിനു നാം ആശ്വാസമായി തീരണം.



നിങ്ങൾ പറയുവാൻ പോകുന്ന കാര്യം സത്യമാണെന്നുറപ്പുണ്ടോ?

'ഇല്ല ഞാൻ കേട്ടതതാണ്' എന്ന് അയാൾ മറുപടി പറഞ്ഞു.

പറയാൻ ഉദ്ദേശിക്കുന്നത് നല്ലകാര്യമാണോ?

'അല്ല' എന്നു വീണ്ടും മറുപടി.

താങ്കൾ പറയുവാൻപോകുന്ന കാര്യംകൊണ്ട് എനിക്കും നിങ്ങൾക്കും ശിക്ഷ്യന്മാർക്കും എന്തെങ്കിലും
ഒരു ഗുണമുണ്ടാകുമോ?

'ഇല്ല' എന്നയാൾ ഉത്തരം പറഞ്ഞു.

## മരണപര്യന്തം
# വിശ്വസ്തനായിരിക്ക

*" നീ സഹിപ്പാനുള്ളത് പേടിക്കേണ്ട; നിങ്ങളെ പരീക്ഷിക്കേണ്ടതിന് പിശാച് നിങ്ങളിൽ ചിലരെ തടവിലാക്കുവാൻ പോകുന്നു. പത്ത് ദിവസം നിങ്ങൾ ഉപദ്രവം ഉണ്ടാകും; മരണപര്യന്തം വിശ്വസ്തനായിരിക്ക; എന്നാൽ ഞാൻ ജീവകിരീടം നിനക്കു തരും." (വെളിപ്പാട് 2:10)*




പാസ്റ്റർ ഷിബു തോമസ്, ഒക്കലഹോമ.

" നീ സഹിപ്പാനുള്ളത് പേടിക്കേണ്ട; നിങ്ങളെ പരീക്ഷിക്കേണ്ടതിന് പിശാച് നിങ്ങളിൽ ചിലരെ തടവിലാക്കുവാൻ പോകുന്നു. പത്ത് ദിവസം നിങ്ങൾ ഉപദ്രവം ഉണ്ടാകും; മരണപര്യന്തം വിശ്വസ്തനായിരിക്ക; എന്നാൽ ഞാൻ ജീവകിരീടം നിനക്കു തരും." (വെളിപ്പാട് 2:10)

ദൈവം വിശ്വസ്തനാണ്, വാക്കുമാറാത്തവനാണ്, ഇന്നലെയും ഇന്നും എന്നേക്കും അനന്യനാണ്. വിശ്വസ്തനായ ദൈവം തന്റെ സൃഷ്ടിയുടെ മകുടമായ മനുഷ്യനിലും വിശ്വസ്തത തിരയുന്നു. വേദപുസ്തകം പറയുന്നു, മനുഷ്യപുത്രന്മാരിൽ വിശ്വസ്തത കുറയുന്നു, വിശ്വസ്തത ഭൂമിയിൽ മുളയ്ക്കുമ്പോൾ നീതി സ്വർഗ്ഗത്തിൽ നിന്ന് എത്തുന്നു. യേശു തന്റെ ഉപമയിൽ ഓർപ്പിക്കുന്നു "താലന്തുകൾ വിഭാഗിച്ചു കൊടുക്കുന്നു. ഒരാൾക്ക് 5 ഒരാൾക്ക് 2 ഒരാൾക്ക് ഒന്ന്. താലന്ത് ഏൽപ്പിച്ച യജമാനൻ മടങ്ങിവന്നപ്പോൾ കണക്കുകൾ പരിശോധിച്ചു - 5 ലഭിച്ചവൻ അഞ്ചും കൂടെ വ്യാപാരം ചെയ്തുണ്ടാക്കി, രണ്ടുലഭിച്ചവൻ രണ്ടുംകൂടെ പ്രയത്നം ചെയ്ത് ലാഭമാക്കി. ഒന്നു ലഭിച്ചവൻ വെറുതെ അത് മണ്ണിൽ കുഴിച്ചിട്ടു. യജമാനൻ ലാഭം ഉണ്ടാക്കിയ ദാസന്മാരോട് പറയുന്നു: "നല്ലവനും വിശ്വസ്തനുമായ ദാസനെ നീ അല്പത്തിൽ വിശ്വസ്തനായിരുന്നതുകൊണ്ട് ഞാൻ നിന്നെ അധികത്തിനു വിചാരകനാക്കു." ജീവിതത്തിന്റെ എല്ലാ തുറകളിലും നാം വിശ്വസ്തനായിരിക്കണം എന്ന് ദൈവം ആഗ്രഹിക്കുന്നു. ജോലിയിൽ, ഭവനത്തിൽ, സഭയിൽ, വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഒക്കെ നാം വിശ്വസ്തത പാലിക്കുക. ആരും നമ്മെ കാണാത്ത പ്രവൃത്തികളിലും വിശ്വസ്തത പുലർത്തുക. അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനും, താൻ മാത്രം അമർത്യത ഉള്ളവനുമായ ദൈവം പറയുന്നു ഞാൻ സകല രഹസ്യങ്ങളെയും കാണുന്നവനാണ്. എന്റെ ദൃഷ്ടിക്ക് മറഞ്ഞിരിക്കുന്നത് ഒന്നും ഇല്ല. ജീവിതത്തിന്റെ സാഹചര്യങ്ങൾ എന്തുമാകട്ടെ. "മരണപര്യന്തം വിശ്വസ്തനായിരിക്കുക, എന്നാൽ ദൈവം ഒരുക്കിയിരിക്കുന്ന ജീവന്റെ കിരീടത്തിന് നാം അവകാശികളായിത്തീരും.



**പ്രാർത്ഥന**

വിശ്വസ്തനായ ദൈവമേ, ക്രിസ്തീയ ജീവിതം വിശ്വസ്തതയോടെ നയിക്കുവാൻ എന്നെ സഹായിക്കേണമേ, ആമേൻ

THE ENDTIME NEWS






https://youtu.be/jeiZJ4gV9Bg

# ദൈവത്തിന്റെ പൊൻജനം





ചിന്താ നിമഗ്നരായിതാ ദൈവത്തിൻ പൊൻജനം
സീയോനിൽ സ്മരണകളുരുവിടുന്നു.
ഉത്താരാഗിരിയായ സീയോനേ നിന്റെ...
പ്രതാപമോർക്കുമ്പോൾ നനയുന്നു നയന-
ങ്ങളനുനിമിഷവും!!
        വാടുന്നീ ജീവിതം പിടയുന്നീ ഹൃദയം
        ബദ്ധരായിന്നീ കെബാർ നദീതീരം ശരണമാമേ...
        സന്തോഷഗീതങ്ങളുരുവിട്ട വായിൽ
        വിലാപമല്ലാതെ മറ്റൊന്നുമില്ല.
        കിന്നരങ്ങളേ! തൂങ്ങുന്നു അലരിയിൻമേൽ
        എങ്ങനെ പാടുമീത്തീരമിതിൽ !!
ത്ധടുതിയിലാത്മാവു തൊട്ടുണർത്തി
പ്രവാചകനാമെഹസ്കേലിനെ-
പ്രയാണം ചെയ്താത്മാവിനാൽ
അസ്ഥികളിൽ താഴ്‌വരയിലേക്ക്
അവകളോ താഴ്‌വരയിൽ കിടക്കുന്നു...
മൂക്കില്ല, ശ്വാസവുമില്ല... അറ്റുപോയെല്ലാമെലലാം!!
        കാര്യകാരണമറിയാത്ത ദർശകന്റെ കർണ്ണ-
        പുടങ്ങളിൽ ധ്വനിച്ചു ചില ശബ്ദങ്ങൾ
        ജീവിക്കുമോ ഈ അസ്ഥികൾ മനുഷ്യപുത്രാ...
        വിഷ്ണ്ണനായുരുവിട്ടു പ്രവാചകൻ
        കർത്താവേ... നീ അറിയുന്നു.
        സർവ്വശക്തന്റെ വാക്കുകളുരുവിട്ട മാത്രയിൽ
        മഹാസൈന്യമായസ്ഥികൾ നിവർന്നു നിന്നു!!
പ്രത്യാശയസ്തമിച്ചുപോയ തൻ പൊൻ-
ജനത്തിന്റെ ശോകത്തെ തൊട്ടുണർത്തി
ധൈര്യപ്പെടുത്തി, ഉദ്ധരിച്ചുയർപ്പിച്ചു-
സ്നേഹ നിധിയാം ദൈവം !!

Bincy Livingston
Mumbai








പാസ്റ്റർ.രാജു പൂവക്കാല

# ക്രിസ്തീയത ഉപദേശത്തിലല്ല സ്വഭാവത്തിൽ

**അ**നുഷ്ഠാനങ്ങളുടെ താൻപേരിമകൊണ്ടോ, പ്രസംഗത്തിന്റെ ഗാംഭീര്യംകൊണ്ടോ നിങ്ങൾ ക്രിസ്ത്യാനികൾ ആകും എന്നു യേശു ശിക്ഷ്യന്മാരോടു പറഞ്ഞില്ല. നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കുന്നുവെങ്കിൽ (സ്വഭാവം) എന്റെ ശിക്ഷ്യന്മാർ എന്നു ലോകം അറിയും (യോഹ. 13:35) എന്നത്രേ കർത്താവു പറഞ്ഞത്.

അടിസ്ഥാന ഉപദേശങ്ങളുടെ ശ്രേഷ്ഠതയൊന്നുമല്ല ക്രിസ്തീയത ലോകോത്തരമായിരിക്കാൻ കാരണം - ക്രിസ്തു അതിലുണ്ട് എന്നതുമാത്രമാണ്. താത്വികമായി വിലയിരുത്താൻ ലോകത്തിൽ ഉത്ഭവിച്ച തത്വശാസ്ത്രങ്ങളെക്കാൾ, മതസംഹിതകളേക്കാൾ മികച്ചതായിരിക്കണമെന്നില്ല, ക്രിസ്തീയ ഉപദേശം. പക്ഷെ സർവ്വലോകത്തിന്റെയും മുഴുതത്വശാസ്ത്രങ്ങളും കൂട്ടിച്ചേർത്താലും അതു ക്രിസ്തു എന്ന സമ്പൂർണ്ണ സത്യത്തിന്റെ അടുത്തെങ്ങും എത്തുകയില്ല.

എന്നാൽ ഉപദേശത്തിന്റെ അക്ഷരപ്രധാനമായ അനുഷ്ഠാനം ആരെയും ക്രിസ്ത്യാനിയാക്കുന്നില്ല എന്ന വസ്തുത പരമപ്രധാനമാണ്. ക്രിസ്തുവിന്റെ മനസ്സും സ്വഭാവവും ജീവിതത്തിൽ പ്രകടമാക്കുന്നില്ലെങ്കിൽ മറ്റേതു മതാനുസാരിയേയുംപോലെ ക്രിസ്ത്യാനിയും പൂജ്യം പോയിന്റിലാണ്. സകല ഉപദേശങ്ങളെക്കാളും വലിയവനാണ് ക്രിസ്തു. ദേവാലയത്തെക്കാളും, വേദപുസ്തകത്തെക്കാളും വലിയവനാണ് ക്രിസ്തു.

മുഴുകൽ സ്നാനവും, അപ്പം നുറുക്കും, അന്യഭാഷയും, കൃപാവരങ്ങളും... അവയല്ല നമ്മെ മികച്ച ക്രിസ്ത്യാനികൾ ആക്കുന്നത്. ക്രിസ്തുവിന്റെ ആത്മാവില്ലാത്തവർ (സ്വഭാവം) അവനുള്ളവനല്ല.

നമ്മുടെ അന്യഭാഷാഭാഷണം കൊണ്ടു ആർക്കും പിടികിട്ടാത്ത ആത്മീയതയുടെ കൊടുമുടിയിൽ കയറി നിൽക്കാൻ ചിലപ്പോൾ കഴിഞ്ഞേക്കാം. കൃപാവരശുശ്രൂഷയുടെ മുഖാവരണം കൂടി എടുത്തണിഞ്ഞ് തെല്ലുകൂടി ഗർവ്വിഷ്ഠരായി അധഃപതിക്കുവാനും എളുപ്പം കഴിഞ്ഞേക്കാം. യഥാർത്ഥ ക്രിസ്തീയതയുടെ സ്വഭാവ ശ്രേഷ്ഠതയിൽ നിന്നു വ്യതിചലിച്ചു കൊണ്ടുള്ള വില കുറഞ്ഞ ആത്മീയ ഞെളിയലുകൾ ആണ് ഇവയെങ്കിൽ സ്ഥിതി വളരെ പരിതാപകരമാണ്. ദൂരത്തുനിന്നു തന്നെ ശ്രദ്ധ പിടിച്ചുപറ്റുന്ന ഇത്തരം ഇലക്കൊഴുക്കുകളിലൊന്നും കർത്താവ് സന്തുഷ്ടനല്ല. കഴമ്പുള്ള കായ്കനികൾക്കായിട്ടാണു അവന്റെ കണ്ണുകൾ പരത്തുന്നത്. അടിസ്ഥാന ഉപദേശങ്ങളുടെ എണ്ണം തികച്ചാൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിനു ആവകാശികൾ ആകുമെന്ന് യേശു ഒരിക്കലും പറഞ്ഞില്ല. നിങ്ങൾ പുതുതായി ജനിക്കേണം എന്നാണു കർത്താവ് കല്പിച്ചത്. അക്കമിട്ടു നിരത്തിയ കുറെ ഉപദേശങ്ങൾ (തത്വങ്ങൾ) പാലിച്ചാൽ ക്രിസ്ത്യാനിത്വം ആകുമെങ്കിൽ അതു മറ്റൊരു പരീശമതമായിരിക്കും എന്നത് തീർച്ചയാണ്. “ഞങ്ങൾക്ക് സ്നാനമുണ്ട്. ഞങ്ങൾക്ക് മറുഭാഷ ഉണ്ട്” എന്നു വേർപെട്ട സഭകളിലുള്ളവർ മേനി പറയുമ്പോൾ ഉപദേശരൂപത്തിന്റെ ഒരു അസ്ഥിപഞ്ജരത്തിനുള്ളിൽ തങ്ങൾ സുരക്ഷിതരായിരിക്കുന്നു എന്നാണ് ചിന്തിക്കുന്നതെങ്കിൽ, ക്രിസ്തുവാകുന്ന സാക്ഷാൽ വചനം നമ്മിൽ മാംസവും, ഞരമ്പും പൊതിഞ്ഞ പുനർജ്ജനിക്കുന്നില്ലെങ്കിൽ ക്രിസ്തീയ സ്വഭാവത്തിനു നമ്മിൽ വേരോട്ടമില്ലെങ്കിൽ നാം ഭവിക്കുന്ന ക്രിസ്തീയത അർത്ഥരഹിതമായിരിക്കും.

എന്താണ് ക്രിസ്തീയതയുടെ സ്വഭാവം?

ക്രിസ്തുവിന്റേതു ഒരു ചട്ടക്കൂടല്ല, ഒരു വഴിയാണ്. സ്നേഹംകൊണ്ടാണ് അവൻ നേടിയത്. തങ്ങളെ അനുകൂലിക്കാത്തവരെ തീയിടണം എന്നു പറഞ്ഞ ശിഷ്യരെ യേശു ശാസിച്ചു. “നിങ്ങൾ ഏതാത്മാവിന് അദീനർ” എന്നാണവൻ ചോദിച്ചത്. ദേഷ്യത്തെ സ്നേഹം കൊണ്ടും, തിന്മയെ നന്മകൊണ്ടും നേരിടുന്നതാണ് ക്രിസ്തീയതയുടെ മാർഗ്ഗം. ഇരുളിന്റെ ശക്തികൾ സർവ്വക്രോധത്തോടും ഉറഞ്ഞുതുള്ളി തനിക്കെതിരെ വന്നപ്പോൾ “ഇവർ ചെയ്യുന്നത് എന്തെന്ന് അറിയായ്കയാൽ ഇവരോടു ക്ഷമിക്കേണമേ” എന്നൊരു പ്രാർത്ഥനയാൽ അവൻ അതിനെ നേരിട്ടു.

സത്യം അതിന്റെ മുഴുവൻ പ്രഭാവത്തോടും തന്നിൽ ജ്വലിച്ചു നിൽക്കുമ്പോൾ വിഷം തുപ്പുന്ന കള്ളസാക്ഷികളുടെ വാക്കു ശരങ്ങളെ മൗനംകൊണ്ടു തടഞ്ഞതാണ് യേശുവിന്റെ ശൈലി ഇതാണ്, ക്രിസ്തീയ സ്വഭാവവും!!

സ്വർഗ്ഗരാജ്യത്തിൽ വലിയവനാര്? എന്നതിനെച്ചൊലി വഴക്കടിക്കുന്ന ശിക്ഷ്യന്മാരോടും മനം തിരിഞ്ഞു ശിശുക്കളെപ്പോലെ ആകുവിൻ എന്നാണ് യേശു ആജ്ഞാപിച്ചത്. ഉന്നത സ്ഥാനങ്ങളിൽ കടന്നുകയറി വലിപ്പം ഭാവിക്കുന്നത് ക്രിസ്തീയതയല്ല. സ്ഥാനം ആരെയും വലിയവരാക്കുന്നുമില്ല. സഭാസംഘടനകളിലെ നേതൃസ്ഥാനങ്ങൾ ചിലരെ അഹങ്കാരികളും, സ്വയം ഊതി വീർപ്പിച്ച വ്യക്തിത്വത്തിനു ഉടമകളും

11 -ാം പേജ് തുടർച്ച

തുടർച്ച 10 പേജിൽ

ആക്കിയേക്കാം. പദവിയല്ല, ശുശ്രൂഷയാണ് (Not position but function) ക്രിസ്തീയതയിൽ വ്യക്തിത്വത്തിന്റെ തൂക്കം നിർണ്ണയിക്കുന്നത്.

'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നാകുന്നു എന്റെ കല്പന" (യോഹ. 15:12) എന്നിങ്ങനെ യേശു അരുളിച്ചെയ്തിരിക്കുമ്പോൾ സ്നാനപ്പെടുക എന്ന ഒറ്റ ഒരു കല്പനയെക്കുറിച്ചാണ് നമ്മിൽ പലരും വാതോരാതെ സംസാരിക്കുന്നത്. സത്യത്തിന്റെ ആത്മാവ്... നിങ്ങളെ സകല സത്യത്തിലും വഴിനടത്തും (യോഹ. 16:13) എന്നു കർത്താവ് പറഞ്ഞിരിക്കുമ്പോൾ ആത്മാവിനാൽ നിറഞ്ഞ് കഷ്ടിച്ച് രണ്ട് അന്യഭാഷ പറയുന്നതായി പലരും അതിനെ പരിമിതപ്പെടുത്തി. ഇപ്പോൾ നമുക്ക് ഉപദേശമുണ്ട്. എന്നാൽ കർത്താവ് കൽപിച്ചത് പൂർണ്ണ അർത്ഥത്തിൽ സ്വീകരിച്ചിരുന്നെങ്കിൽ നമുക്ക് ക്രിസ്തു ഉണ്ടാകുമായിരുന്നു; ക്രിസ്തുവിന്റെ സ്വഭാവം ഉണ്ടാകുമായിരുന്നു!! അതെ, ക്രിസ്തീയത ഉപദേശത്തിലല്ല സ്വഭാവത്തിലാകുന്നു എന്നു നമുക്ക് തിരിച്ചറിയാം.

ചിലർ ഉപദേശത്തെ പ്രതി വേണ്ടിവന്നാൽ ചാകും എന്നൊക്കെ പറയുന്നതു കേൾക്കാം. പക്ഷെ കൊല്ലാനും ഇവർ മടിയുള്ളവരല്ല. നാം തീവ്രമായി വിശ്വാസികളാണ് എന്നൊക്കെ നമുക്ക് ചിലപ്പോൾ തോന്നാം. എന്നാൽ മറ്റുള്ളവരെ സ്നേഹിക്കുവാൻ കഴിയുന്നില്ലെങ്കിൽ പിന്നെ ക്രിസ്തുവിന്റെ മുന്നിൽ നാം പൂജ്യത്തേക്കാൾ ഒട്ടും മെച്ചമല്ല. നീരസവും, വിദ്വേഷവും നശിപ്പിക്കുക മാത്രമേയുള്ളു. മറ്റുള്ളവരെ മാത്രമല്ല, നമ്മെയും ലോകത്തിന്റെ മാർഗ്ഗം ശത്രുക്കളെ ദ്വേഷിച്ചു നിർമ്മൂലമാക്കുവാൻ ശ്രമിക്കുന്നതാണ്. എന്നാൽ ക്രിസ്തീയത ശത്രുക്കളേയും സ്നേഹിച്ച് മിത്രങ്ങളാക്കുന്നു. ഇവരെ ഇല്ലാതാക്കുകയല്ല, മാറ്റിയെടുക്കുകയാണ്. തങ്ങൾക്കു ഇഷ്ടമില്ലാത്തവരെയും സ്നേഹിക്കുന്നവരാണ് യഥാർത്ഥ ക്രിസ്ത്യാനികൾ! കാരണം സ്നേഹംകൊണ്ടുമാത്രമേ മനുഷ്യരിൽ നിർജ്ജീവമായിരിക്കുന്ന നന്മയെ പുറത്തുക്കൊണ്ടു വരുവാൻ കഴിയുകയുള്ളു എന്നു അവർ അറിയുന്നു. മതമുള്ളവർക്കു അങ്ങനെ ചെയ്യുവാൻ കഴിയണമെന്നില്ല. എന്നാൽ ക്രിസ്തുവിലുള്ളവർക്കു കഴിയും!!

സ്നാനവും, അപ്പം നുറുക്കും, അന്യഭാഷയും ചിലപ്പോൾ നിങ്ങളുടെ പ്രസംഗംപോലും ആരെയും രക്ഷിച്ചെന്നു വരികയില്ല. എന്നാൽ ദൈവസ്നേഹം നിങ്ങളിൽ നിന്നും വാസ്തവമായി പുറപ്പെട്ടാൽ അത് വ്യക്തികൾക്കു രക്ഷാഹേതുവാകും. കാരണം സ്നേഹം കീഴടക്കുന്നു. സ്നേഹം നേടിയെടുക്കുന്നു. പാട്ട് ആരെയും രക്ഷയിലേക്ക് നയിച്ചില്ലെന്നുവരാം. പക്ഷെ കാരാഗൃഹത്തിൽ കിടന്നുകൊണ്ട് കഷ്ടതയിലും സന്തോഷിക്കുന്ന ശബ്ദം തടവുകാരുടെ ശ്രദ്ധ പിടിച്ചുപറ്റിയും, കാരാഗൃഹപ്രമാണിയുടെ ഉറക്കം കെടുത്തിയും ഒടുവിൽ ചിലരുടെ രക്ഷയിൽ കലാശിക്കാം!

ക്രിസ്തീയതയിലെ സഹനം, നഷ്ടത്തിലും ചിലതു നേടിയെടുക്കുന്നതാണ്.

യേശുക്രിസ്തുവിന്റെ പഠിപ്പിക്കലുകളിൽ ഏറ്റവും ശക്തിയായതും പരമപ്രധാനവുമായ വചനങ്ങളെ ക്രിസ്തീയ സഭ അതിന്റെ അടിസ്ഥാന ഉപദേശങ്ങളിൽ ഇതുവരെയും ഉൾപ്പെടുത്തിയിട്ടില്ല എന്നതു അമ്പരപ്പിക്കുന്ന ഒരു സത്യമാണ്. സഭയിൽ അംഗമാകുന്നതിനെക്കുറിച്ച് സഭ വളരെയേറെ പറയുമ്പോൾ ക്രിസ്തുവിൽ ആകുന്നതിനെക്കുറിച്ച് തീരെ കുറച്ചുമാത്രം പറയുന്നു. ക്രിസ്തീയതയെ മറ്റൊരു പരീശമതമാക്കരുതേ... ഇതു സത്യമാർഗ്ഗമാണ്! ക്രിസ്തീയത ഒരു സ്വഭാവമാണ്.

സംഘടനാ സംവിധാനത്തിലും, ഉപദേശസംഹിതയിലും (അതെത്രമെച്ചമായിരുന്നാൽതന്നെ) അളക്കാവുന്നതല്ല ക്രിസ്തീയത. അതു ക്രിസ്തുവിനോടൊപ്പം പോകുന്നതാണ്!!

ഒരു സഭയുടെ സംഘടനയെക്കുറിച്ചോ, അവകാശങ്ങളെക്കുറിച്ചോ കർത്താവ് ഒട്ടും ഉൽകണ്ഠാകുലനല്ല. ക്രിസ്തു ഏതു സഭയെക്കാളും വലിയവനത്രെ! ഒരു ക്രിസ്ത്യാനി എന്ന നിലയിൽ നിങ്ങൾ സത്യത്തിൽ (ക്രിസ്തുവിൽ) തന്നെയാണ് എന്നു ഉറപ്പുവരുത്തേണ്ടതു വ്യക്തിപരമായ ഉത്തരവാദിത്തമാണ്. ആത്മനിറവോ, കൃപാവരമോ, ഉജ്ജ്വലമായ പ്രസംഗ ശുശ്രൂഷയോ, നിലംതൊടാൻ നേരമില്ലാത്ത തിരക്കോ, ഇഷ്ടംപോലെ പണമോ, സംഘടനയിൽ ഉന്നതസ്ഥാനമോ, അസൂയാർഹമായ അംഗീകാരമോ, മറ്റെന്തു തന്നെ കൈവന്നാലും മനമിളകാതെ നാം തിരിച്ചറിയേണ്ടതു ക്രിസ്തുവിന്റെ സ്വഭാവത്തോടൊപ്പം ആയിരിക്കുക എന്ന ക്രിസ്തീയ ധർമ്മത്തിനു പകരം വയ്ക്കുവാൻ ഈ വകകൾക്കൊന്നും കഴിയുകയില്ല എന്ന വസ്തുതയാണ്.



# ക്രിസ്തു വിശ്വാസത്തിന്റെ പേരിൽ തടവിൽ കഴിഞ്ഞ ലാവോസിലെ ക്രിസ്ത്യൻ നേതാവിന് മോചനം

വിയന്റിയൻ: കമ്യൂണിസ്റ്റ് രാഷ്ട്രമായ ലാവോസിൽ ക്രൈസ്തവ വിശ്വാസവുമായി ബന്ധപ്പെട്ട പരിപാടികൾ സംഘടിപ്പിച്ചു എന്ന കാരണത്താൽ കഴിഞ്ഞ ഒരു വർഷമായി തടവറയിൽ കഴിഞ്ഞിരുന്ന വചനപ്രഘോഷകനും ക്രിസ്ത്യൻ നേതാവുമായിരുന്ന സിതോൺ തിപ്പാവോങ്ങ് മോചിതനായി. തെക്കൻ പ്രവിശ്യയായ സാവന്നാഖേതിൽ നിന്നുള്ള തിപ്പാവോങ്ങിന്റെ മേൽ ഐക്യത്തെ തടസ്സപ്പെടുത്തി, ക്രമക്കേടുകൾ സൃഷ്ടിച്ചു എന്നിങ്ങനെയുള്ള കുറ്റങ്ങൾ ചുമത്തിക്കൊണ്ട് ഒരു വർഷത്തെ തടവ് ശിക്ഷ പ്രൊവിൻഷ്യൽ കോടതി വിധിച്ചുവെങ്കിലും വിചാരണ കാത്ത് ജയിലിൽ കഴിഞ്ഞ സമയം കണക്കിലെടുത്ത് അദ്ദേഹം മോചിതനാകുകയായിരുന്നു.






തിപ്പാവോങ്ങിന്റെ മോചനം കമ്യൂണിസ്റ്റ് രാഷ്ട്രമായ ലാവോസിൽ അടിച്ചമർത്തപ്പെട്ടുകൊണ്ടിരിക്കുന്ന ക്രിസ്ത്യൻ മതന്യൂനപക്ഷത്തിന്റെ വിജയമായിട്ടാണ് കണക്കാക്കപ്പെടുന്നത്. ചുമത്തപ്പെട്ട രണ്ട് കുറ്റങ്ങളുടേയും പേരിൽ 40 ലക്ഷം കിപ്പിഴ കോടതി വിധിച്ചിട്ടുണ്ട്. അനുവാദമില്ലാതെ മതപരിപാടികൾ സംഘടിപ്പിച്ചതിന്റെ പേരിൽ കഴിഞ്ഞ വർഷം മാ ർച്ച് 15 നാണ് തിപ്പാവോങ്ങ് അറസ്റ്റിലാകുന്നത്. അറസ്റ്റ് ചെയ്യപ്പെട്ട ദിവസം പ്രാർത്ഥനാ ശുശ്രൂഷ നടത്തുവാനുള്ള തയ്യാറെടുപ്പിലായിരുന്നു അദ്ദേഹം.

ഇവിടെയെത്തിയ പോലീസ് പരിപാടി റദ്ദാക്കുവാൻ ആവശ്യപ്പെടുകയായിരുന്നു. ക്രിസ്തുവിലുള്ള വിശ്വാസം ഉപേക്ഷിക്കുന്നു എന്നെഴുതിയ രേഖയിൽ ഒപ്പിടുവാനുള്ള പോലീസിന്റെ ആവശ്യം തിപ്പോവാങ്ങ് നിഷേധിച്ചതിനെ തുടർന്നാണ് അറസ്റ്റിലായതെന്ന് റിപ്പോർട്ടുകളുണ്ട്.70 ലക്ഷം വരുന്ന ലാവോസ് ജനസംഖ്യയിൽ വെറും ഒന്നര ലക്ഷത്തോളം ക്രൈസ്തവർ മാത്രമാണ് രാജ്യത്തുള്ളത്. കമ്യൂണിസ്റ്റ് ഭരണകൂടത്തിൽ നിന്നും പ്രാദേശിക സമുദായങ്ങളിൽ നിന്നും നേരിട്ടുകൊണ്ടിരിക്കുന്ന വിവേചനങ്ങൾ തുറന്നുകാട്ടുന്നതിനായിരുന്നു തീപ്പാവോങ്ങിന്റെ അറസ്റ്റ്. ഇതിനെതിരെ പ്രമുഖ മനുഷ്യാവകാശ പ്രവർത്തകർ രംഗത്ത് വന്നിരുന്നു.

കഴിഞ്ഞമാസം അവസാനം ഏഷ്യാ പസഫിക് മേഖലയിലെ മനുഷ്യാവകാശ നിരീക്ഷക ഡെപ്യൂട്ടി ഡയറക്ടർ ഫിൽ റോബർട്ട്സൺ തീപ്പാവോങ്ങിന്റെ അറസ്റ്റും, തടവും കടുത്ത മനുഷ്യാവകാശ ലംഘനമാണെന്ന് പ്രഖ്യാപിക്കയും അദ്ദേഹത്തെ ഉടൻ തന്നെ മോചിപ്പിക്കണമെന്ന് ആവശ്യപ്പെടുകയു ചെയ്തു. ചില വിദേശ ക്രിസ്ത്യൻ സംഘടനകളും ഇതിനെതിരെ രംഗത്ത് വരികയുണ്ടായി. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ആരാധനകൾ നടത്തുവാൻ ക്രിസ്ത്യാനികൾക്ക് അവകാശമുണ്ടെങ്കിലും ചില പ്രാദേശിക ആധികാരികൾ ക്രിസ്ത്യാനികളെ ഒരു വിദേശമതമായിട്ടാണ് പരിഗണിക്കുന്നത്.



24/7 Christian
Radio Network
NOW AVAILABLE IN

**English Malayalam & Hindi**

END TIME RADIO



- Christian songs unlimited
- Christian short messages
- Motivational sermons
- Uplifting talks & so on...

**IT'S ABSOLUTELY FREE!!**

*Stream inside outside or anywhere you go!*

Computer | Smart phone | Tablet | Wireless speaker | Smart TV | Car-media player

*and more..*

Download now

GET IT ON Google Play | Download on the App Store

visit us: **theendtimeradio.com**

**endtimeradio24x7**

the
# END TIME NEWS
VOICE OF HARVESTING SOULS MISSION

USA
PO.box 125
Wheat land,6920.5.m manin st
Wheat land Oklahoma
box zip code-73097
PH-(405) 745-786(H)
Mob-001(405)778-4341(Wats App)

Reg no :
TVM/TC/1717/2014
Established :USA
Published from :
India, Kerala, TVM




## US GLASSTECH

We are Architectural Aluminum systems and Glazers Company run by Experienced and Qualified Engineers, Technicians and installers. We make high performing entrances, storefronts,windows, structural glazing, Curtain walls, etc.Committed in creating next-generation technologies; we strive to ensure safety and comfort of buildings. Every project comes with warranty and quick turnaround. We give infinite possibilities and innovative design solutions to your ideas or dreams. Explore our dynamic array of innovative solutions for renovation and new construction. Together we build your dreams with our experience and dedication.

### OUR OTHER ALUMINIUM PRODUCTS

- Manual ICU sliding Doors.
- Manual Pivot or Hinged Doors.
- Automatic folding Doors.
- Five door systems.
- Manual Swing and slide Doors.
- Aluminium, FRP and Fiberglass Enty Doors.
- Store front systems.
- Shower doors.
- Patio sliding doors.
- Frameless glass enterace Doors.
- Window Wall.

405 778 4341
405 590 6116
usglasstech@gmail.com
www.usglasstech.com

Innovative Products
520 Beacon Pl,
Oklahoma City,OK 73127
(Off) 405 440-0010
(Fax) 405 440 0015